WEDNESDAY 25/06/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. KS Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/06/2025

1. അനുദിനം വികസിക്കുന്ന പൗൾട്രി രംഗത്ത് ചിക്ക് സെക്സിംഗ് എന്ന നൈപുണ്യത്തിൻ പ്രാധാന്യമുൾക്കൊണ്ട്, കുടപ്പനക്കുന്ന് സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ചിക്ക് സെക്സിംഗ് സ്കൂളിൽ ഇത്തവണ 24 വിദ്യാർത്ഥികൾക്കുള്ള പരിശീലനം സംഘടിപ്പിക്കുന്നു. 3 മാസം നീണ്ടു നില്ക്കുന്ന ചിക്ക് സെക്സിംഗ് പരിശീലനത്തിന്റെയും റീജിയണൽ പൗൾട്രി ഫാമും വെള്ളനാട് വി.എച്ച്.എസ്.ഇ യും സംയുക്തമായി നടത്തുന്ന Skill To Venture പ്രോഗ്രാമിന്റെയും ഉദ്ഘാടനം മൃഗസംരക്ഷണം-ക്ഷീര വികസന- മൃഗശാല വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു. ഇന്ന് ഉച്ചയ്ക്ക് 12.30ന് കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ എം.എൽ.എ. വി. കെ. പ്രശാന്ത് അദ്ധ്യക്ഷത വഹിക്കും.

2. ദേശീയ കർഷക രജിസ്ട്രി -കേന്ദ്ര സർക്കാർ ആവിഷ്കരിച്ച അഗ്രി സ്റ്റാക്ക് സംവിധാനത്തിന്റെ പിന്തുണയോടെ നടപ്പിലാക്കുന്ന കർഷകരുടെയും കൃഷി ഭൂമിയുടെയും ഏകീകൃത രജിസ്ട്രേഷൻ സംവിധാനം രജിസ്റ്റർ ചെയ്ത കർഷകർക്ക് ആധാർ അധിഷ്ഠിത യൂണിഫൈഡ് ഫാർമർ സർവീസ് ഇന്റർഫേസ് (UFSI) സംവിധാനത്തിൽ ദേശീയ അംഗീകാരമുള്ള യുണീക്ക് ഐ.ഡി.കാർഡ് ലഭ്യമാക്കും. പി.എം. കിസാൻ ഗുണഭോക്താക്കളായ മുഴുവൻ കർഷകർക്കും തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാണ്. കർഷകർക്ക് അടുത്തുള്ള കൃഷിഭവൻ അല്ലെങ്കിൽ അടുത്തുള്ള അക്ഷയ കേന്ദ്രം സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പൂർത്തിയാക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി 31.07.2025. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ 1800-425-1661

3. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025-26 അധ്യയന വർഷത്തിലെ ബി.എസ് സി. (ഹോണേഴ്സ്) അഗ്രികൾച്ചർ, ബി.എസ്.സി. (ഹോണേഴ്സ്) ഹോർട്ടികൾച്ചർ, ബി.ടെക് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് (ആർ എഫ് മോഡ്) പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിന് യോഗ്യരായ അപേക്ഷാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്കും, അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകർ സമർപ്പിക്കാനുള്ള അവസാന തിയതി 30.06.2025. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

4. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഇക്കണോമിക്സ് ഡിവിഷനിൽ 'ജൂനിയർ റിസേർച്ച് ഫെല്ലോ'യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കാൻ എഴുത്തുപരീക്ഷയും വാക്ക് ഇൻ ഇന്റർവ്യൂവും നടത്തുന്നു. അപേക്ഷകർ ഇക്കണോമിക്സ്/അപ്ലൈഡ് ഇക്കണോമിക്സ്/അഗ്രിക്കൾച്ചറൽ ഇക്കണോമിക്സ് എന്നിവയിലേതിലെങ്കിലും ബിരുദാനന്തരബിരുദവും ഡാറ്റ കളക്ഷനിലും അനാലിസിസിലും ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 ജനുവരി 01-ന് 32 വയസ്സ് കവിയാൻ പാടില്ല. താൽപര്യമുള്ളവർ വിദ്യാഭ്യാസയോഗ്യത, വയസ്സ്, പ്രവൃത്തിപരിചയം തുടങ്ങിയവ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളുമായി 2025 ജൂൺ 30-ാം തീയതി രാവിലെ 9.30-ന് ഡയറക്ടർ (റിസേർച്ച്), ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം-686009 മുമ്പാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 0481-2353311 എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുകയോ www.rubberboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടി**

5. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി "സുരക്ഷിതമായ പാലുൽപ്പാദനം" എന്ന വിഷയത്തെ ആസ്പദമാക്കി ഇന്നും നാളെയുമായി (25/06/2025, 26/06/2025) 2 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 8304948553,9496332048, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്യുകയോ ചെയ്ത് ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. സംസ്ഥാന സർക്കാരിന്റെ ക്ഷീര വികസന വകുപ്പ് ഡയറി ലാബുകളിൽ പ്രൊഫഷണലുകൾക്ക് ട്രെയിനിംഗ് ആന്റ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നു. പാലും പാൽ ഉത്പ്പന്നങ്ങളുടെയും രാസപരിശോധന ഫീസ് 7500/- രൂപയും (15 ദിവസത്തെ ട്രെയിനിംഗ്) ഭക്ഷ്യ വസ്തുക്കളുടെ മൈക്രോ ബയോളജിക്കൽ അനാലിസിസ് 7000/- രൂപയും (15 ദിവസത്തെ ട്രെയിനിംഗ്)

വെള്ളത്തിന്റെ രാസപരിശോധന 7000/- രൂപയും (10 ദിവസത്തെ ട്രെയിനിംഗ്) നടത്തി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് 04712440074, 9495592514 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ prosdl2010@gmail.com

7. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം കൈമനം ബി.എസ്.എൻ.എൽ. - ആർ.ടി.ടി.സി. ക്യാമ്പസിലുള്ള കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയിൽ സംരംഭകർക്കും, ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കുമായി പാലുല്പന്നങ്ങൾ, പ്രോബയോട്ടിക് ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ പരിശീലന പരിപാടി 2025 ജൂലൈ 9 മുതൽ 11 വരെ നടത്തുന്നുണ്ട്. താൽപര്യമുള്ളവർ 6238754712, 9497849625 എന്നീ നമ്പരുകളിൽ വിശദ വിവരങ്ങൾക്കായി ബന്ധപ്പെടുക.

8. **കാർഷിക നിർദേശം**

വാഴ - പനാമ വാട്ടം

പുറമേയുള്ള ഇലകൾ അരികുവശങ്ങളിൽ നിന്നും മഞ്ഞളിച്ച നടുഭാഗത്തേക്ക് നീങ്ങുകയും ഇലകൾ ഒടിഞ്ഞു തൂങ്ങുകയും ചെയ്യുന്നു. മറ്റ് ഇലകൾ ഒടിഞ്ഞുതൂങ്ങിയാലും നാമ്പോല പച്ചയായിതന്നെ കുറച്ചു നാൾകൂടി നിൽക്കും. ഇത് പിന്നീട് മഞ്ഞളിച്ച് ഒടിഞ്ഞ് നശിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിയന്ത്രണ മാർഗ്ഗങ്ങൾ

. രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങളായ പാളയൻകോടൻ, റോബസ്റ്റ, നേന്ത്രൻ എന്നിവ നടുക.

. കന്നുകൾ ബാവിസ്റ്റിൻ ലായനിയിൽ (2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ) മുക്കിയശേഷം നടുക.

രോഗം വ്യാപിക്കാതിരിക്കാൻ ടിൽറ്റ് (1 മി.ലി. 1 ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ കോൺടാഫ് (2 മി.ലി. 1 ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ ബാവിസ്റ്റിൻ (2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ) എന്ന തോതിൽ കലക്കി ചുവട്ടിൽ 5-10 ലിറ്റർ ഒഴിച്ചു കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം